**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3305** 14.10.2011-ൽ മറുപടിയ്ക്ക്

**ലോഡ് ഷെഡിംഗ്.**

**ചോദ്യം**

ശ്രീമതി. പി. അയിഷാ പോറ്റി :

സംസ്ഥാനത്ത് ഇപ്പോൾ പകൽ സമയത്ത് ലോഡ് ഷെഡിംഗ് ഏർപ്പെടുത്തുന്നതിന് കാരണമായ സാഹചര്യമെന്തെന്ന് വെളിപ്പെടുത്തുമോ ?

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

കാലവർഷം നിലച്ചതിനെതുടർന്ന് വൈദ്യുതിയുടെ ആവശ്യകത പെട്ടെന്ന് ക്രമാതീതമായി വർദ്ധിച്ചു. ജലവൈദ്യുത നിലയങ്ങളിൽ നിന്ന് പൂർണ്ണതോതിൽ ഉൽപ്പാദനം നടത്തിയാലും, കേന്ദ്രവിഹിതം പൂർണ്ണമായി ലഭിച്ചാലും ആവശ്യകത നിറവേറ്റാൻ കഴിയാത്ത സാഹചര്യം വന്നു. കായംകുളം, ബി. എസ്. ഇ. എസ്. തുടങ്ങിയ കേരളത്തിലെ നിലയങ്ങളിൽ നിന്ന് താപ വൈദ്യുതിയുടെ അധികനിരക്ക് കാരണം വൈദ്യുതി വാങ്ങാൻ കഴിയാതെ വന്നു. 26-09-2011 മുതൽ കേന്ദ്ര വിഹിത ത്തിൽ കുറവും വന്നു. കേന്ദ്ര നിലയങ്ങളായ നെയ്‌വേലി, താൽച്ചർ തുടങ്ങിയവയിൽ അടിയന്തിര അറ്റ കുറ്റപണികൾക്കായി ചില ജനറേറ്ററുകൾ നിർത്തിയതും, രാമഗുണ്ടം നിലയത്തിലെ കൽക്കരിക്ഷാമവും, കൂടാതെ അൺഅലോക്കേറ്റഡ് വിഹിതത്തിലുണ്ടായ കുറവും മൂലം പ്രതിസന്ധി രൂക്ഷമായി. എന്നാൽ കേന്ദ്ര വിഹിതത്തിൽ വർദ്ധനവ് ഉണ്ടാകുന്നുണ്ട്. കൂടാതെ പ്രതിസന്ധി പരിഹരിക്കാനായി ലഭ്യമായ സ്രോതസുകളിൽ നിന്നെല്ലാം മെറിറ്റ് ഓർഡർ അനുസരിച്ച് വൈദ്യുതി വാങ്ങുന്നുണ്ടെങ്കിലും വൈദ്യുതി കമ്മി നിലനിൽക്കുന്ന സാഹചര്യത്തിൽ വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തേണ്ടി വന്നു.

സെക്ഷൻ ഓഫീസർ.